# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2601** **10/12/2014-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിൽ രോഗങ്ങൾക്കുള്ള മരുന്നുകൾ

**ചോദ്യം**

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ്, പേവിഷം, എച്ച് വൺ - എൻ വൺ, മലേറിയ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | ഹെപ്പറ്റൈറ്റിസ്, പേവിഷം, എച്ച് വൺ - എൻ വൺ, മലേറിയ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. മരുന്നുകൾ കുറവ് വരുന്ന സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ മുഖാന്തിരം ലഭ്യമാകാത്ത മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ പേവിഷ ചികിത്സയ്ക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ, മലേറിയ രോഗ ചികിത്സയ്ക്ക് ആവശ്യമായ ഹൈഡ്രോക്സി ക്ലോറോക്യൂൻ ടാബ് 200 മി.ഗ്രാം, ക്ലോറോക്യൂൻ ഫോസ്ഫേറ്റ് ടാബ് 250 മി.ഗ്രാം തുടങ്ങിയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ആവശ്യാനുസരണം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നു.<br><br>ഹെപ്പറ്റൈറ്റിസ് രോഗ ചികിത്സയ്ക്കാവശ്യമായ ഹെപ്പറ്റൈറ്റിസ് ബി ഇമ്മ്യൂണോഗ്ലോബുലിൻ ഇൻജക്ഷൻ 200 ഐ.യു. എന്ന മരുന്നിനും എച്ച് വൺ – എൻ വൺ രോഗ ചികിത്സയ്ക്കാവശ്യമായ ഒസൾട്ടാമിവിർ കാപ്സ്യൂൾ 75 മി.ഗ്രാം എന്ന മരുന്നിനും നടപ്പു സാമ്പത്തിക വർഷം ഒന്നിലധികം ടെൻഡറുകൾ ക്ഷണിച്ചെങ്കിലും വിതരണക്കാരെ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ വഴി രോഗികൾക്ക് വളരെ കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ